(സി) തകർന്ന റോഡുകൾ പുനരുദ്ധരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി)) ചാവക്കാട്-വടക്കാഞ്ചേരി റോഡ് 19/015 മുതൽ 31/015 വരെയും വാഴാനി റോഡിൽ കി. മീ. 0/200-ലെ പാലവും ആദ്യ കിലോമീറ്റർ റോഡും ഗതാഗതയോഗ്യമല്ലാതായി തീർന്നിട്ടുണ്ട്.

(സി) സ്വീകരിച്ചുവരുന്നു.

ഹരിപ്പാട് മണ്ഡലത്തിൽപ്പെട്ട റോഡുകളുടെ അറ്റകുറ്റപ്പണികൾ

270 [2326] ശ്രീ. ടി. കെ. ദേവകുമാർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാണ് ഇപ്പോൾ നടപടികൾ സ്വീകരിച്ചുവരുന്നത്;

(ബി) ഓരോ റോഡിന്റേയും അറ്റകുറ്റപ്പണി ഏത് ഘട്ടത്തിലെത്തി എന്ന് വ്യക്തമാക്കാമോ;

(സി) ഇവയുടെ പണികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഹരിപ്പാട് മണ്ഡലത്തിൽപ്പെട്ട താഴെപ്പറയുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്താൻ നടപടി സ്വീകരിച്ചുവരുന്നു.

1. ഹരിപ്പാട്-ആയാപറമ്പ് റോഡ് കി. മീ. 0/00 മുതൽ 3/800 വരെയുള്ള പുനരുദ്ധാരണ പണികൾ.

2. തൃക്കുന്നപ്പുഴ ജംഗ്ഷനിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായുള്ള ഓട നിർമ്മാണം.

3. ഹരിപ്പാട് റ്റി.ബി. ജംഗ്ഷൻ മണ്ണാറശ്ശാല വഴി ഡാണാപ്പടി റോഡിന്റെ കി.മീ. 0/00 മുതൽ 2/00 വരെയുള്ള അറ്റകുറ്റപ്പണികൾ.

4. മുട്ടം-പള്ളിപ്പാട് റോഡിന്റെ അറ്റകുറ്റപ്പണികൾ.

5. കായംകുളം-മുട്ടം റോഡിന്റെ കി.മീ. 6/00 മുതൽ 8/00 വരെയുള്ള അറ്റകുറ്റപ്പണികൾ.

LIBRARY ARCHIVES Kerala Legislative Assembly

6. തൃക്കുന്നപ്പുഴ-വലിയഴീക്കൽ റോഡിന്റെ കി.മീ. 12/00 മുതൽ 14/00 വരെയുള്ള കടൽ മണ്ണ് നീക്കം ചെയ്യുന്ന ജോലി.

(ബി) മേൽപ്പറഞ്ഞ എല്ലാ വർക്കുകളും ടെൻഡർ ചെയ്തിട്ടുണ്ട്.

(സി) നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് അനുകൂല കാലാവസ്ഥ ലഭിക്കുകയും ചെയ്താൽ അറ്റകുറ്റപ്പണികൾ ഒരു മാസത്തിനകവും മറ്റു പണികൾ 6 മാസത്തിനകവും പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കടുങ്ങല്ലൂർ വിളയിൽ ചാലിയപ്പുറം റോഡിന്റെ അറ്റകുറ്റപ്പണികൾ

271 [2327] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുങ്ങല്ലൂർ വിളയിൽ ചാലിയപ്പുറം റോഡിന്റെ അറ്റകുറ്റപ്പണികൾ ആരംഭിച്ചോ;

(ബി) ഇല്ലെങ്കിൽ കാരണം അറിയിക്കാമോ;

(സി) ഇതിന്റെ പണികൾ എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—സി) പ്രസ്തുത റോഡ് അദർ ഡിസ്ട്രിക്റ്റ് റോഡുകളുടെ വിഭാഗത്തിൽപ്പെട്ടതായതിനാൽ അതിന്റെ പണികൾ ഏറ്റെടുക്കുവാൻ സാധിച്ചിട്ടില്ല.

മഞ്ചേരി നിയോജക മണ്ഡലത്തിലെ മാലാർക്കുളം - ചെറുകുളം റോഡിന്റെ അറ്റകുറ്റപ്പണികൾ

272 [2328] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജക മണ്ഡലത്തിലെ മാലാർക്കുളം - ചെറുകുളം റോഡിന്റെ അറ്റകുറ്റപ്പണികൾ തുടങ്ങിയോ;

(ബി) ഇല്ലെങ്കിൽ കാരണം അറിയിക്കാമോ;

(സി) ഇതിന്റെ പണി എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) തുടങ്ങി.

(സി) ഒക്ടോബർ മാസത്തോടുകൂടി പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly